കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പട്ടാഴി വടക്കേകര ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്
# 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ–കെ.എൽ.എം പി5/215/17

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
തീയതി – 10.02.2017

ഡെപ്യൂട്ടി ഡയറക്ടർ
കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പട്ടാഴി വടക്കേകര ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : പട്ടാഴി വടക്കേകര ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്.

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പട്ടാഴി വടക്കേകര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 -ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത്

സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-
1) കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ–കെ.എൽ.എം പി5/215/17 തീയതി : 10.2.2017

## കൊല്ലം ജില്ലയിലെ പട്ടാഴി വടക്കേകര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പട്ടാഴി വടക്കേകര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 21.7.2016 മുതൽ 17.01.17 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | : | ശ്രീമതി.എം.ഗീത<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 18-01-2017 മുതൽ 28-01-2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.ജി.സജികുമാർ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | | ശ്രീമതി.ഷീബാകൃഷ്ണൻ.വി | സീനിയർഗ്രേഡ് |

| | | |
|---|---|---|
| | | ഓഡിറ്റർ |
| | ശ്രീമതി.ജമീലാ ബീവി.എം | ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.സുധാകരൻ | 01-04-15 മുതൽ 31-10-15 വരെ |
| | ഭരണനിർവ്വഹണസമിതി | 01-11-15 മുതൽ 17-11-15 വരെ |
| | ശ്രീ.ആർ.ആനന്ദരാജൻ | 18-11-15 മുതൽ 31-03-16 വരെ |
| സെക്രട്ടറി | ശ്രീ.എസ്.സഞ്ജയൻ | 01-04-15 മുതൽ 22-07-15 വരെ |
| | ശ്രീമതി.പി.വൽസല | 23-07-15 മുതൽ 31-03-16 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| ഹെഡ് മാസ്റ്റർ | ശ്രീ.വൈ.സാമുവേൽ | 01-04-15മുതൽ 31-03-16വരെ |
| മെഡിക്കൽഓഫീസർ(പി.എച്ച്സി) | ശ്രീ.പി.അനീഷ് | 01-04-15മുതൽ 31-03-16വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.പ്രഭാകാന്തി | 01-04-15മുതൽ 30-12-15 പൂർവ്വാഹ്നം വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.എ.ശ്രീജാകുമാരി | 31-12-15 അപരാഹ്നം മുതൽ 31-03-16വരെ |
| കൃഷിഓഫീസർ | ശ്രീ.എ.ജി.സന്തോഷ് കുമാർ | 01-04-15 മുതൽ 31-03-16 വരെ |
| മെഡിക്കൽഓഫീസർ(ഹോമിയോ) | ശ്രീ.എം.അഭിലാഷ് | 01-04-15 മുതൽ 25-06-15 വരെ |
| മെഡിക്കൽഓഫീസർ(ഹോമിയോ) | ശ്രീ.ജി.ഉണ്ണികൃഷ്ണൻ | 26-06-15 മുതൽ 31-03-16 വരെ |

| | | |
|---|---|---|
| ഡയറിഫാം ഇൻസ്ട്രക്ടർ | ശ്രീ.പദ്മകുമാർ | 01-04-15 മുതൽ 31-03-16 വരെ |
| വെറ്റിനറിസർജൻ | ഡോ.ജെറിൻ.റ്റി.ജോർജ് | 01-04-15 മുതൽ 31-03-16 വരെ |
| വി.ഇ.ഒ | ശ്രീമതി.വി.എസ്.ദീപശ്രീ | 01-04-15 മുതൽ 31-03-16 വരെ |
| അസി.എഞ്ചിനീയർ | ശ്രീ.അരുൺചന്ദ് | 01-04-15 മുതൽ 31-03-16 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം-1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | വസ്തു നികുതി - കൃത്യമായ കണക്കുകൾ ലഭ്യമല്ല | 2-1 |

| | | |
|---|---|---|
| 13 | ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല | 2-2 |
| 14 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-3 |
| 15 | ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കുന്നില്ല | 2-4 |
| ഭാഗം 3 | | |
| 16 | ആവശ്യത്തിലധികം മെറ്റൽ സ്റ്റാക്ക് ചെയ്ത് തുക നല്കി – 36352/- രൂപ നിരാകരിക്കുന്നു | 3-1 |
| 17 | വാട്ടർ അതോറിറ്റി വെള്ളക്കര കുടിശ്ശിക – വൻതുക പിഴപ്പലിശ ഇനത്തിൽ ഒടുക്കു വരുത്തുന്നു | 3-2 |
| 18 | സമഗ്ര നെൽകൃഷി വികസനം ആനുപാതിക ഗുണഭോക്തൃ വിഹിതം ഈടാക്കിയിട്ടില്ല- സബ്സിഡി ഇനത്തിൽ 15150/- രൂപ അധികം ചെലവഴിച്ചു | 3-3 |
| 19 | തൊഴുത്തു നിർമ്മാണം ആനുപാതിക ഗുണഭോക്തൃ വിഹിതം ഈടാക്കിയില്ല - സബ്സിഡി ഇനത്തിൽ 2065/- രൂപാ അധികം നല്കി | 3-4 |
| 20 | സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി | 3-5 |
| 21 | കഫ പരിശോധനയും ക്ഷയരോഗ നിയന്ത്രണവും -മാർഗരേഖയ്ക്ക് വിരുദ്ധം | 3-6 |
| 22 | മരുന്ന് വാങ്ങൽ –44573/-രൂപയുടെ മരുന്നുകൾ ലഭിച്ചില്ല | 3-7 |

| | | |
|---|---|---|
| 23 | പട്ടികജാതി വികസന വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 662400/-രൂപ തടസ്സപ്പെടുത്തുന്നു | 3-8 |
| 24 | തനതു ഫണ്ടിൽ നിന്ന് നൽകിയ ഇലക്ഷൻ കമ്മീഷൻ വിഹിതം തിരികെ ലഭിച്ചില്ല | 3-9 |
| 25 | പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിംഗ് അർഹതയില്ലാത്തയാൾക്ക് ആനുകൂല്യം | 3-10 |
| 26 | കർഷകതൊഴിലാളി പെൻഷൻ-അനുവദിച്ചതിൽ അപാകത | 3-11 |
| 27 | ചട്ട വിരുദ്ധ ധനസഹായം അംഗീകരിക്കുന്നില്ല | 3-12 |
| 28 | മീഡിയാശ്രീ – പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടില്ല- 65000/- രൂപ തടസ്സപ്പെടുത്തുന്നു | 3-13 |
| 29 | തനത് ഫണ്ട്/പൊതു ആവശ്യ ഗ്രാന്റിന്റെ കുറവുമൂലം ഗ്രാമ പഞ്ചായത്ത് സാമ്പത്തിക പ്രതിസന്ധിയിൽ | 3-14 |
| 30 | ഗുണഭോക്തൃ സമിതികൾ വഴി നിർവ്വഹണം നടത്തിയിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചു വരുന്നില്ല- ബിനാമി ഇടപാടുകൾ സംബന്ധിച്ച് തുടരന്വേഷണം ആവശ്യം | 3-15 |
| 31 | തൊഴിലാളികൾക്കുള്ള ഔട്ട്ടേൺ 55% എന്ന് നിശ്ചയിച്ച് ഡാറ്റ തയ്യാറാക്കി- മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി മഴക്കുഴി നിർമ്മിക്കുന്നതിലേയ്ക്ക് അർഹ- | 3-16 |

| | | |
|---|---|---|
| | മായതിലും അധികം തുക നൽകി | |
| 32 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - സാധന ഘടകങ്ങൾ ഉൾപ്പെടുന്ന പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നില്ല | 3-17 |
| 33 | KCWWF ഇനത്തിൽ ഈടാക്കുന്ന തുകകൾ യഥാസമയം സ്ഥാപനത്തിലടവാക്കുന്നില്ല | 3-18 |
| ഭാഗം 4 | | |
| 34 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 35 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 37 | വായ്പ /വായ്പാ തിരിച്ചടവ് | 4-4 |
| 38 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 39 | ഓഡിറ്റ് റിക്കവറി | 4-6 |
| 40 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 28-03-16 തിയതിയിലെ 1-ാം നംപർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യ പത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 30-07-16 | 30-07-16 | ഇല്ല | ഇല്ല |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2015-16 | 23-01-2017 | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട് |

വാർഷിക ധനകാര്യ പത്രികയിലെ ന്യൂനതകൾ

1)വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള കണക്കുകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

2)ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9271852 |
| വരവ് | 28468279 |
| ആകെ | 37740131 |
| ചെലവ് | 35612267 |

| | |
|---|---|
| നീക്കിയിരിപ്പ് | 2127864 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1462678 | 5124406 | 6587084 | 6587084 | - | 100 |
| വികസനഫണ്ട് എസ്.സി. | 1498918 | 2859250 | 4358168 | 4358168 | . | 100 |
| വികസനഫണ്ട് ടി.എസ്.പി. | - | - | - | - | | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 323058 | 7765801 | 8088859 | 8088859 | . | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 222101 | 1298442 | 1520543 | 1520543 | | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 855039 | 2216789 | 3071828 | 3071828 | . | 100 |
| പെർഫോമൻസ് ഗ്രാന്റ് | 1973000 | -8587 | 1964419 | 1964419 | - | 100 |
| എം.എൻ.ആർ.ഇ.ജി.എസ്. | 96271 | 20790559 | 20886830 | 20848410 | 38420 | 99.8 |
| ബി ഫണ്ട് | - | 11718840 | 11718840 | 11718840 | - | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി | നടപ്പാക്കിയത് | പദ്ധതി | ഭാഗികമായി | നടപ്പാക്കാത്തവ | പൂർത്തീകരിച്ച |
|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | അടങ്കൽ | (എണ്ണം) | ചെലവ് | നടപ്പാക്കിയത് (എണ്ണം) | (എണ്ണം) | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 162 | 39493039 | 128 | 25990651 | 12 | 22 | 79 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല

## 1-7 <u>തനത് വരുമാനം.</u>

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 3.75 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്

| ഇനം | മുൻ വർഷം | തൻ വർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2135275 | 1608121 | (-)527154 | |
| നികുതിയേതര വരവുകൾ | 117639 | 233395 | (+)115756 | |
| മറ്റുവരവുകൾ | 4509294 | 4666859 | (+)157565 | |
| ആകെ | 6762208 | 6508375 | 253833 | (-)3,75% |

## 1-8 <u>ക്ഷേമ പദ്ധതികൾ</u>

തൻ വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 247440 | 139 |
| കർഷക തൊഴിലാളി പെൻഷൻ | 739200 | 160 |

| | | |
|---|---|---|
| വിധവാ പെൻഷൻ | 4903200 | 789 |
| വാർദ്ധക്യകാല പെൻഷൻ | 4383600 | 953 |
| വികലാംഗ പെൻഷൻ | 1106600 | 187 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 188800 | 23 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 150000 | 5 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23-01-17ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 566/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തര നിയന്ത്രണം.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. തനത് ഫണ്ടിന്റെ കുറവു മൂലം ഗ്രാമപ്പഞ്ചായത്ത് സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. കമ്പ്യൂട്ടറുകളുടെ സ്റ്റോക്ക് രജിസ്റ്റർ ക്രമപ്രകാരം സൂക്ഷിക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16-01-2017 | 2016 December | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20-07-2010 | 2005-06 2009-10 | 20-08-2010 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വസ്തു നികുതി- കൃത്യമായ കണക്കുകൾ ലഭ്യമല്ല

വസ്തു നികുതി വരവുമായി ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ 2015-2016 സാമ്പത്തിക വർഷം വസ്തു നികുതി ഇനത്തിൽ 1023008/- രൂപയും കുടിശ്ശിക ഇനത്തിൽ 1156253/- രൂപയും ഈടാക്കാൻ അവശേഷിക്കുന്നതായി കാണുന്നു. എന്നാൽ ടി കണക്കുകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ വസ്തു നികുതി വരവിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ-18/25-1-17) സഞ്ചയ സോഫ്റ്റ് വെയറിന്റെ തകരാറു കാരണം ഡിമാന്റുകൾ ദിനംപ്രതി മാറി വരുന്നുണ്ടെന്നും ആയത് ശരിയാക്കി രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കി കൃത്യമായ കണക്കുകൾ സൂക്ഷിക്കേണ്ടതും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

### 2-2 ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങളുടെ വിവരങ്ങളടങ്ങിയ ട്രേഡേഴ്സ് ലിസ്റ്റ്, ശമ്പളത്തിനോ വേതനത്തിനോ വ്യക്തികളെ ജോലിക്ക് നിയമിച്ച ഓഫീസുകളുടെയും സ്ഥാപനങ്ങളുടെയും പേര് വിവരങ്ങളടങ്ങുന്ന സ്ഥാപന രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കിയിട്ടുണ്ടെന്ന് വ്യക്തമല്ല. അടിയന്തിരമായി ട്രേഡേഴ്സ് ലിസ്റ്റും സ്ഥാപന രജിസ്റ്ററും തയ്യാറാക്കി എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 2-3 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് 2015-2016 സാമ്പത്തിക വർഷത്തെ രണ്ട് അർദ്ധ വർഷങ്ങളിലും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം |
|---|---|
| 1 | മാവേലി സ്റ്റോർ, ചെളിക്കുഴി |
| 2 | അൽഫോൺസ കാഷ്യു ഇൻഡസ്ട്രീസ് |
| 3 | സുഭദ്ര കാഷ്യു ഇൻഡസ്ട്രീസ് |

| | |
|---|---|
| 4 | സെന്റ് മേരീസ് കാഷ്യു ഫാക്ടറി |
| 5 | നീതിസ്റ്റോർ, കട്ടവാത്തോട് |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ-13/25-1-16) നികുതി ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-4 ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് ചട്ടം 232 ൽ സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെ പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ല എന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്നും നാളിതുവരെ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. ആയതിനാൽ അടിയന്തിരമായി റേഷൻ കടകളുടെ എണ്ണം തിട്ടപ്പെടുത്തി ലൈസൻസ് ഫീസ് ഈടാക്കുന്നതിനും, കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ ചട്ടം 13 പ്രകാരം സെക്രട്ടറി ഡിമാന്റ് നോട്ടീസ് പുറപ്പെടുവിച്ച് തൊഴിൽ നികുതി/സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ആവശ്യത്തിലധികം മെറ്റൽ സ്റ്റാക്ക് ചെയ്തതിന് തുക നല്കി - 36352/-രൂപാ നിരാകരിക്കുന്നു

WBM ബേസ് കോഴ്സ് 75എംഎം കോപാക്റ്റ് കനത്തിലേയ്ക്ക് കൊണ്ടു വരുന്നതിനായി 10 ച. മീ. വിസ്തീർണ്ണത്തിന് ആവശ്യമായ 53-22.4 എം എം മെറ്റലിന്റെ അളവ് 0.91cum-0.96 cum വരെയാണ്. കൂടാതെ സ്റ്റാക്ക് ചെയ്തിട്ടുള്ള മെറ്റലിന്റെ അളവിൽ നിന്നും 7.5% കുറയ്ക്കേണ്ടതുമാണ്. (CPWD SPECIFICATION 2009 TABLE 16.13) താഴെക്കൊടുത്തിട്ടുള്ള പ്രവൃത്തികളിൽ ആവശ്യമായതിൽ കൂടുതൽ 53-22.4 എം എം മെറ്റൽ സ്റ്റാക്ക് ചെയ്തതിലൂടെ അധികം തുക നല്കിയിരിക്കുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

i)പ്രവൃത്തിയുടെ പേര്- ഇറാക്കിപൊയ്ക ഖാദി ബോർഡ് റോഡ് മെറ്റലിംഗ് ,ടാറിംഗ്
Ts no 467/AEE/LSGD/15-16 /dt.20-06-2015
കരാർ-68/AELSGD/PZHY(N)/15-16/ 04-03-2016

WBM പ്രതലത്തിന്റെ അളവ് – 456 ച.മീ.

ആവശ്യമായ മെറ്റൽ-456x0.96/10ച.മീ =43.78cum

(-)7.5% =3.28cum

ആവശ്യമായ അളവ് = 40.5cum

സ്റ്റാക്ക് ചെയ്തിട്ടുള്ള അളവ് = 45.6 cum

അധികം സ്റ്റാക്ക് ചെയ്തിട്ടുള്ള അളവ് = 5.1 cum

അധികം നല്കിയ തുക = 5.1x1921.33=9799/- രൂപ
അളവു പുസ്തകം 68/16
ബിൽ നമ്പർ-75/31-03-2016
കരാറുകാരൻ - ശ്രീ.ബി.മധു

ii)പ്രവൃത്തിയുടെ പേര് - മണയറ കീഴളം റോഡ് മെറ്റലിംഗ്, ടാറിംഗ്
Ts no 469/AEE/LSGD/15-1620-06-2015
കരാർ -67/AELSGD/PZHY(N)/15-16/04-03-2016

WBM പ്രതലത്തിന്റെ അളവ് - 645 ച.മീ

ആവശ്യമായ മെറ്റൽ -645x0.96/10ച.മീ = 61.92cum

(-)7.5% = 4.64cum

ആവശ്യമായ അളവ് = 57.28cum

സ്റ്റാക്ക് ചെയ്തിട്ടുള്ള അളവ് = 64.50 cum

അധികം സ്റ്റാക്ക് ചെയ്തിട്ടുള്ള അളവ് = 7.22 cum

അധികം നല്കിയ തുക = 7.2x1921.33 = 13834/-രൂപ
അളവു പുസ്തകം – 68 /16
ബിൽ നമ്പർ -62/31-03-2016
കരാറുകാരൻ- ശ്രീ.ബി.മധു

iii)പ്രവൃത്തിയുടെ പേര്-ഗോവിന്ദമഠം -സെന്റ്മേരീസ് ചർച്ച് റോഡ് മെറ്റലിംഗ്, ടാറിംഗ്
Ts no – 531/AEE/LSGD/15-16/24-06-2015
കരാർ-69/AELSGD/PZHY(N)/15-16/04-03-2016

WBM പ്രതലത്തിന്റെ അളവ് – 591ച.മീ

ആവശ്യമായ മെറ്റൽ – 591 x 0.96/10ച.മീ = 56.74cum

(-)7.5% = 4.26cum

ആവശ്യമായ അളവ് = 52.48cum

സ്റ്റാക്ക് ചെയ്തിട്ടുള്ള അളവ് = 59.10 cum

അധികം സ്റ്റാക്ക് ചെയ്തിട്ടുള്ള അളവ് = 6.62 cum

അധികം നല്കിയ തുക = 6.62 x 1921.33 = 12719/-രൂപ
അളവു പുസ്തകം – 140/15-16
ബിൽ നമ്പർ – 76/ 31-03-2016
കരാറുകാരൻ ശ്രീ എം.ജെ.നിജാം

ആവശ്യമായതിലധികം മെറ്റൽ സ്റ്റാക്ക് ചെയ്ത് തുക നല്കിയതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (10/21-01-2017) 2015-16 സാമ്പത്തിക വർഷം മുതലാണ് ആദ്യമായി CPWD സ്പെസിഫിക്കേഷൻ ഉപയോഗിക്കാൻ തുടങ്ങിയിട്ടുള്ളത് എന്നതിനാലും, പുതിയ സ്പെസിഫിക്കേഷനിലേയ്ക്ക് മാറിയപ്പോഴുണ്ടായ പരിചയ കുറവുമാണ് എസ്റ്റിമേറ്റിലും തുടർന്ന് സാങ്കേതികാനുമതിയിലും ബില്ലിലും പ്രകടമായിട്ടുള്ളതെന്നും, അധികമായി സ്റ്റോക്ക് ചെയ്തിട്ടുള്ള മെറ്റൽ പ്രസ്തുത പ്രവൃത്തികൾക്ക് ഉപയോഗിച്ചിട്ടുള്ളതാണെന്നും മറുപടി ലഭ്യമാക്കി. പ്രസ്തുത മറുപടി അംഗീകരിക്കുവാൻ കഴിയുകയില്ല. ആയതിനാൽ മൂന്ന് പ്രവൃത്തികളിലായി അധികം നല്കിയിട്ടുള്ള 36352/- രൂപ (9799+13834+12719) എസ്റ്റിമേറ്റ് തയ്യാറാക്കിയ അസ്സി.എഞ്ചിനീയർ, സാങ്കേതികാനുമതി നല്കിയ പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത് അസി. എക്സി. എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-2 <u>വാട്ടർ അതോറിറ്റി വെള്ളക്കര കുടിശ്ശിക വൻതുക പിഴപ്പലിശ ഇനത്തിൽ ഒടുക്കു വരുത്തുന്നു</u>

കേരളാ വാട്ടർ അതോറിറ്റി, പിഎച്ച് ഡിവിഷൻ പത്തനംതിട്ടയുടെ 05-06-15 ലെ E3/98/05/WSDA ബിൽ പ്രകാരം 2015 ജൂൺ മാസം വരെയുള്ള വെള്ളക്കര കുടിശ്ശിക 627143/- രൂപയാണ് . ഇതിൽ 343626/- രൂപ വാട്ടർ അതോറിറ്റി വെള്ളക്കര കുടിശ്ശിക (153/ 16) എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി, ബിൽ നമ്പർ 9/15-16/22-08-2015 പ്രകാരം പിൻവലിച്ച് വാട്ടർ അതോറിറ്റിയിൽ ഒടുക്കു വരുത്തി.

നിലവിൽ കേരളാ വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം ഇനത്തിൽ നല്കുവാനുള്ള കുടിശ്ശിക സംബന്ധിച്ച വിവരവും ഏറ്റവും അവസാനം കേരളാ വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ച ബില്ല് പരിശോധനയ്ക്ക് ലഭ്യമാക്കുവാനും, വെള്ളക്കരം പ്രതിമാസം ഒടുക്കു വരുത്താതെ വൻതുക കുടിശ്ശികയായി അവശേഷിക്കുന്നതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാനും ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (4 / 19-01-2017), 30-12-2016 വരെ കേരളാ വാട്ടർ അതോറിറ്റിയിൽ അടയ്ക്കുവാനുണ്ടായിരുന്ന 1204059/-രൂപയിൽ 375000/-രൂപ ഒടുക്ക് വരുത്തിയിട്ടുണ്ടെന്നും 820059/-രൂപ വെള്ളക്കരം ഇനത്തിൽ അടയ്ക്കുവാൻ അവശേഷിക്കുന്നുണ്ടെന്നും മറുപടി ലഭ്യമാക്കി. കൂടാതെ വെള്ളക്കരം പ്രതിമാസം ഒടുക്ക് വരുത്തുവാൻ കഴിയാത്തത് തനതു ഫണ്ടിന്റെ ലഭ്യത കുറവ് കൊണ്ടാണെന്നും അറിയിച്ചു.

വെള്ളക്കരം പിഴ പലിശ ഇനത്തിൽ വൻ തുകയാണ് പഞ്ചായത്ത് ഒടുക്ക്

വരുത്തുന്നത്. ഇതു സംബന്ധിച്ച വിശദ വിവരം താഴെ കൊടുക്കുന്നു.

കേരളാ വാട്ടർ അതോറിറ്റി, പി.എച്ച് ഡിവിഷൻ പത്തനംതിട്ടയുടെ 05-06-15 ലെ E3/98/05/WSDA ബിൽ പ്രകാരം 2015 ജൂൺ മാസം വരെയുള്ള വെള്ളക്കര കുടിശ്ശിക -627143/- രൂപ

ഒടുക്കുവരുത്തിയ തുക – 343626/- രൂപ

30-06-2015 ൽ അവശേഷിക്കുന്ന തുക – 283517/-രൂപ(627143-343626)

കേരളാ വാട്ടർ അതോറിറ്റി, പിഎച്ച് ഡിവിഷൻ പത്തനംതിട്ടയുടെ 13-12-16 ലെ ബിൽ നമ്പർ 13790 പ്രകാരം 2016 ഡിസംബർ മാസം വരെയുള്ള വെള്ളക്കര കുടിശ്ശിക 1204059/- രൂപ

പ്രതിമാസം അടവാക്കേണ്ടുന്ന വെള്ളക്കരം -33250/- രൂപ

7 /15 മതൽ 12 /16 വരെയുള്ള വെള്ളക്കരം -18 x33250 = 598500/-രൂപ

30-06-2015 ൽ അവശേഷിച്ച കുടിശ്ശിക തുക - 283517/-രൂപ

ആകെ – 882017/-രൂപ

3-12-16-ലെ ബിൽ നമ്പർ 13790 പ്രകാരം ഈടാക്കിയിരിക്കുന്ന പിഴ പലിശ – 322042/-രൂപ (1204059-882017)

തനതു ഫണ്ട് ലഭ്യമല്ലായെങ്കിൽ മെയിന്റൻസ് ഗ്രാന്റ് (നോൺ റോഡ്) ഉപയോഗിച്ച് വെള്ളക്കര കുടിശ്ശിക പൂർണ്ണമായും അടച്ച തീർക്കുന്നതിനും, തുടർന്ന് പ്രതിമാസ തുക കൃത്യമായി അടവാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. പിഴ പ്പലിശ ഇനത്തിൽ വൻ തുക ഒടുക്ക് വരുത്തേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## **3-3** <u>സമഗ്ര നെൽകൃഷി വികസനം- ആനുപാതിക ഗുണഭോക്തൃ വിഹിതം ഈടാക്കിയിട്ടില്ല, സബ്സിഡി ഇനത്തിൽ അധികം ചെലവഴിച്ച **15159/-** രൂപാ നിരാകരിക്കുന്നു.</u>

പ്രോജക്ട് – സമഗ്ര നെൽകൃഷി വികസനം(46/16)

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

അടങ്കൽ തുക -771888/-രൂപ

(വികസന ഫണ്ട്-176840/-രൂപ

ജില്ലാ പഞ്ചായത്ത് വിഹിതം - 23784/-രൂപ

ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 14270/-രൂപ

ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കുന്നത് -485642/-രൂപ

കേന്ദ്രാവിഷ്കൃത പരിപാടി-71352/-രൂപ
ആകെ -771888/-രൂപ )

ടി പ്രോജക്ടിന്റെ സാമ്പത്തിക വിശകലനം പ്രകാരം ഇനം 4, കുമ്മായ വിതരണത്തിന് വികസന ഫണ്ട് 49499/- രൂപയും, ഗുണഭോക്തൃ വിഹിതം ഇനത്തിൽ 45637/- രൂപയും ഉൾപ്പെടെ 95136/- രൂപയാണ് ചെലവഴിക്കേണ്ടത്. പട്ടാഴി സർവ്വീസ് സഹകരണ ബാങ്കിന്റെ രസീത് പ്രകാരം 6000 കിഗ്രാം കുമ്മായം കിലോഗ്രാമിന് 11/- രൂപ പ്രകാരം വാങ്ങിയതിന് 66000/- രൂപ ചെലവായി. അംഗീകൃത പ്രോജക്ട് പ്രകാരം ഇതിന് ചെലവഴിക്കേണ്ട സബ്സിഡി തുക 34340/- രൂപയാണ് (66000 x 49499/95136). എന്നാൽ ബിൽ നമ്പർ 4/ 15-16/28-03-2016 പ്രകാരം 49499/-രൂപ പിൻവലിച്ച് സബ്സിഡി തുകയായി പട്ടാഴി സർവ്വീസ് സഹകരണ ബാങ്കിന് നല്കിയിരിക്കുന്നു. അംഗീകൃത പ്രോജക്ട് പ്രകാരം ചെലവഴിക്കാൻ അനുമതിയുള്ളതിനേക്കാൾ 15159/- രൂപ (49499-34340) കൂടുതലായി ചെലവഴിച്ചു. ടി വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (08/20-01-2017) പ്രോജക്ടിൽ പറഞ്ഞിട്ടുള്ള കുമ്മായത്തിന്റെ വില, കൈകാര്യ ചെലവ്, കുമ്മായ പ്രയോഗം വയലിൽ നടത്തുന്നതിനുള്ള കൂലി ചെലവ് എന്നിവ ഉൾപ്പെടുത്തിയാണ് തുക കാണിച്ചിട്ടുള്ളതെന്ന മറുപടിയാണ് നല്കിയിട്ടുള്ളത്. എന്നാൽ അംഗീകൃത പ്രോജക്ട് പ്രകാരം കുമ്മായ വിതരണത്തിനു മാത്രമായാണ് ഇനം 4 ആയി തുക വകയിരുത്തിയിട്ടുള്ളത്. ഇനം 5 പ്രകാരം കൂലിച്ചെലവ് പ്രത്യേകമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ മറുപടി അംഗീകരിക്കുവാൻ കഴിയുകയില്ല.

കുമ്മായ വിതരണം നടത്തുന്നതിന് വകയിരുത്തിയതിനേക്കാൾ കൂടുതൽ ചെലവഴിച്ചിട്ടുള്ള 15159/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. ടി തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

## 3-4 തൊഴുത്ത് നിർമ്മാണം ആനുപാതിക ഗുണഭോക്തൃവിഹിതം ഈടാക്കിയിട്ടില്ല, സബ്സിഡി ഇനത്തിൽ 2065/- രൂപാ അധികം നല്കി

പ്രോജക്ട് - തൊഴുത്ത് നിർമ്മാണം(25/16)

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

അടങ്കൽ തുക - 291200/- രൂപ (വികസന ഫണ്ട് -130000/-രൂപ, ഗുണഭോക്തൃ വിഹിതം-161200/-രൂപ)

1 യൂണിറ്റിന്റെ ചെലവ് - 22400/-രൂപ
(വികസന ഫണ്ട് -10000/-രൂപ, ഗുണഭോക്തൃ വിഹിതം -12400/-രൂപ)

അംഗീകൃത പ്രോജക്ട് പ്രകാരം 1 യൂണിറ്റിന്റെ ചെലവ് വികസന ഫണ്ട്- 10000/-രൂപയും ഗുണഭോക്തൃ വിഹിതം- 12400/-രൂപയും ഉൾപ്പെടെ 22400/- രൂപയാണ്. എന്നാൽ താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചപ്പോൾ അനുപാതം പാലിക്കാതെ കൂടുതൽ തുക നല്കി.

| ക്ര. നം | ഗുണഭോക്താവിന്റെ പേര് | ചെലവായ തുക | അനുവദിക്കാവുന്ന സബ്സിഡി | നല്കിയ സബ്സിഡി | അധികം നല്കിയ തുക |
|---|---|---|---|---|---|
| 1 | ശ്രീമതി ശ്രീദേവി, ചന്ദ്രാലയം, ചെളിക്കുഴി | 21145 | 9440 | 10000 | 560 |
| 2 | ശ്രീമതി .ലത, വയലിറക്കത്തു പുത്തൻവീട് | 21344 | 9529 | 10000 | 471 |
| 3 | ശ്രീമതി സബീന, റെജി മൻസിൽ | 20083 | 8966 | 10000 | 1034 |
| | | | | ആകെ | 2065 |

ഇപ്രകാരം സബ്സിഡി ഇനത്തിൽ തുക അധികം നല്കിയതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (11/21-01-2017) സബ്സിഡി നല്കിയിട്ടുള്ളത് 50% തുകയിൽ കൂടിയിട്ടില്ല എന്ന മറുപടിയാണ് നല്കിയിട്ടുള്ളത്. അംഗീകൃത പ്രോജക്ടിലെ സബ്സിഡി സംബന്ധിച്ച നിർദ്ദേശം പാലിച്ചിട്ടില്ലാത്തതിനാൽ മറുപടി അംഗീകരിക്കുവാൻ കഴിയുകയില്ല. അധികമായി നല്കിയിട്ടുള്ള 2065/- രൂപ ബന്ധപ്പെട്ടവരിൽ നിന്നോ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി അനുബന്ധ അക്കൗണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

## 3-5 സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി

പ്രോജക്ട്- രക്ത സമ്മർദ്ദം ഉള്ളവരെ കണ്ടെത്തൽ(നം.72/16)

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

അടങ്കൽ – 75000/- രൂപ (വികസന ഫണ്ട്(പൊതു വിഭാഗം))

ചെലവ് – 71899/-രൂപ

ബിൽ നംപർ - 6/15-16/11-09-15 – 29844/-രൂപ

ബിൽ നം. -9/15-16/28-10-15 – 11345/-രൂപ

ബിൽനം. -15/15-16/15-03-16 – 19555/-രൂപ

ബിൽനം . –18/15-16/19-03-16 – 11155/- രൂപ

വീട്ടുകൾ തോറും സർവ്വേ നടത്തി 18 വയസ്സിന് മുകളിലുള്ളവരെ പരിശോധിച്ച് രക്ത സമ്മർദ്ദം ഉള്ളവരെ കണ്ടെത്തുക, രക്ത സമ്മർദ്ദം കണ്ടെത്തുന്നവരെ ബോധവൽക്കരിക്കുക, തുടർ സന്ദർശനം നടത്തുക എന്നിങ്ങനെയാണ് പ്രോജക്ടിൽ വിഭാവനം ചെയ്തിരിക്കുന്നത്. പരിശോധനയ്ക്ക് ആവശ്യമായ Digital Automatic BP Apparatus വാങ്ങി ഇതിനു വേണ്ട ട്രെയിനിംഗ് ആശവർക്കർമാർക്ക് നൽകുക എന്നിവയാണ് ചെലവിനങ്ങളായി ഉദ്ദേശിച്ചിരുന്നത്.

മേൽ പദ്ധതിയുടെ ഭാഗമായി 12 Digital Automatic BP Apparatus വാങ്ങിയ ഇനത്തിൽ 29844/-രൂപയും വീട്ടു തോറും സർവ്വേ നടത്തിയതിന് ആശാവർക്കർമാർക്ക് വീടൊന്നിന് 5/-രൂപാ നിരക്കിൽ 19555/-രൂപായും ജീവിത ശൈലീ രോഗ നിയന്ത്രണ പരിപാടിയുടെ ഭാഗമായി ബുക്ക് പ്രിന്റ് ചെയ്തതിന് 11155/-രൂപായും ആശാവർക്കർമാർക്ക് ട്രെയിനിംഗ് മറ്റനുബന്ധചെലവിനത്തിൽ 11345/- രൂപയും ചെലവഴിച്ചിരിക്കുന്നു.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)ജി.ഓ.എം.എസ്.നം.362/2013ത.സ്വ.ഭ.വ/15-11-2013 പ്രകാരം ഇത്തരത്തിൽ ഒരു പദ്ധതി തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ വികസന ഫണ്ടുപയോഗിച്ച് നടപ്പിലാക്കുവാൻ പാടില്ല.

2) ആരോഗ്യ വകുപ്പിന്റെ പൊതുജനാരോഗ്യ പരിപാടിയുടെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ/ കുടുംബ ഉപകേന്ദ്രങ്ങളിൽ NCD ക്ളിനിക്കുകൾ നടത്തി വരുന്നുണ്ട്. ആയതിനു പുറമേ ഇത്തരത്തിൽ ഒരു പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കുവാനുള്ള സാഹചര്യം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റന്വേഷണത്തിന്(നമ്പർ. 6/15-16 തീയതി.19-01-17) മറുപടി ലഭ്യമാക്കിയില്ല.

3)വീട്ടു തോറും സർവ്വേ നടത്തിയതിന് ആശാവർക്കർമാർക്ക് വീടൊന്നിന് 5/-രൂപാ നിരക്കിൽ നൽകിയത് "30 വയസ്സിന് മുകളിലുള്ളവരെ പരിശോധിച്ച് രക്ത സമ്മർദ്ദം നിർണ്ണയി- ച്ചതിനെന്ന" ആശാവർക്കർമാരുടെ റിപ്പോർട്ടിനെ ഡോക്ടർ സാക്ഷ്യപ്പെടുത്തിക്കൊണ്ടാണ്. എന്നാൽ രക്ത സമ്മർദ്ദം നിർണ്ണയിക്കുകയെന്നത്

ആശാവർക്കറുടെ ചുമതലയല്ല. സർവ്വേ നടത്തി 18 വയസ്സിന് മുകളിലുള്ളവരുടെ വിവരങ്ങൾ ശേഖരിച്ച് രക്ത സമ്മർദ്ദം ഉള്ളവരെ ബോധവൽക്കരിച്ച് ഉപകേന്ദ്രങ്ങളിൽ എത്തിക്കുമ്പോൾ ജെ.പി.എച്ച്.എൻ മാരാണ് രക്ത സമ്മർദ്ദം പരിശോധിച്ച് രക്ത സമ്മർദ്ദം ഉള്ളവരെ പി.എച്ച്.സി യിലേയ്ക്ക് റഫർ ചെയ്യുന്നത്.

മേൽ കാരണങ്ങളാൽ ഈയിനത്തിൽ ചെലവഴിച്ച 71899/-രൂപാ ഓഡിറ്റ് അംഗീകരിക്കുന്നില്ല.

## 3-6 കഫപരിശോധനയും ക്ഷയരോഗ നിയന്ത്രണവും -മാർഗരേഖയ്ക്ക് വിരുദ്ധം

പ്രാഥമികാരോഗ്യകേന്ദ്രം മെഡിക്കലോഫീസറെ നിർവ്വഹണോദ്യോഗസ്ഥനായി നിശ്ചയിച്ച് വികസനഫണ്ട് പൊതുവിഭാഗത്തിൽ നിന്നും 12000/- രൂപ വകയിരുത്തി നടപ്പിലാക്കിയ പദ്ധതിയാണ് കഫ പരിശോധനയും ക്ഷയരോഗ നിയന്ത്രണവും(പ്രോജക്റ്റ് നം.102/16).

വാർഡ് തോറും ആരോഗ്യ ബോധവൽക്കരണ ക്ളാസ്സുകൾ നടത്തുക, നോട്ടീസുകൾ അടിച്ചു വിതരണം ചെയ്യുക, വീടുകൾ തോറും സർവ്വേ നടത്തി രണ്ടാഴ്ചയിൽ കൂടുതൽ ചുമയുള്ളവരെ കണ്ടെത്തി കഫം സാംപിൾ എടുത്ത് ലാബിൽ എത്തിക്കുക എന്നതാണ് പ്രോജക്റ്റ് കൊണ്ടുദ്ദേശിക്കുന്നത്.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ആശവർക്കർമാർക്ക് ട്രെയിനിംഗ് നടത്തുന്നതിലേയ്ക്ക് 5765/-രൂപ( ബിൽ നം.13/16 dt.28-01-16 5765/-) ചെലവഴിച്ചിട്ടുണ്ട്.

പദ്ധതി നിർവ്വഹണത്തിൽ സംഭവിച്ച അപാകതകൾ താഴെ സൂചിപ്പിക്കുന്നു.

1)ജി.ഓ(എം.എസ്.)നം.362/2013/ത.സ്വ.ഭ.വ 15-11-2013 പ്രകാരം ഇത്തരത്തിൽ ഒരു പദ്ധതി തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ വികസന ഫണ്ടുപയോഗിച്ച് നടപ്പിലാക്കുവാൻ പാടില്ല.

2)ഇത്തരത്തിൽ ഒരു പദ്ധതി പ്രത്യേകമായി ഏറ്റെടുക്കുവാൻ പഞ്ചായത്തിൽ എന്തെങ്കിലും പ്രത്യേക സാഹചര്യം നിലനിന്നിരുന്നുവോ എന്ന് ഓഡിറ്റന്വേഷണം(നമ്പർ.6/15-16 തീയതി 19-01-2017) പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല.

3)ട്രെയിനിംഗിൽ പങ്കെടുത്തതിന് ഇൻസെന്റീവായി 100/-രൂപ വീതം 12 ആശവർക്കർമാർക്ക് നൽകിയിരിക്കുന്നു. ആയതും അനുവദനീയമല്ല.

4)മേൽ പദ്ധതിയുടെ ഭാഗമായി ട്രെയിനിംഗും നോട്ടീസ് അച്ചടി ചെലവും മാത്രമാണ് തൻവർഷം നടത്തിയിട്ടുള്ളത്. സ്പിൽ ഓവറായി പദ്ധതി 2016-17 വർഷം നടപ്പിലാക്കിയിട്ടുണ്ടോ എന്ന ഓഡിറ്റന്വേഷണത്തിനും(നമ്പർ 6/15-16/19-01-2017) മറുപടി ഹാജരാക്കിയിട്ടില്ല.

മേൽ കാരണങ്ങളാൽ പദ്ധതി ചെലവിനായി വിനിയോഗിച്ച 5765/- രൂപാ ഓഡിറ്റ്

അംഗീകരിക്കുന്നില്ല. തുക ഉത്തരവാദിയായ നിർവഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-7 മരുന്ന് വാങ്ങൽ-**44573/-**രൂപായുടെ മരുന്നുകൾ ലഭിക്കുവാനുണ്ട്

പി.എച്ച്.സി ക്കു മരുന്നു വാങ്ങൽ(നം.21/16 ), പാലിയേറ്റീവ് കെയർ(നം20/16) എന്നിങ്ങനെ രണ്ടു പദ്ധതികളിലായി മരുന്നു വാങ്ങുവാൻ കെ.എം.എസ്.സി.എൽ ന് നല്കിയ യഥാക്രമം 200000/-രൂപയിൽ (ഡി.ഡി. നം. 831440/22-12-2015),70000/-രൂപ (ഡി.ഡി. നം. 831441/22-12-2015) യഥാക്രമം 42868/-, 1705/- രൂപായുടെ വീതം മരുന്നുകൾ ഇനിയും ലഭ്യമായിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റന്വേഷണത്തിന് മരുന്നുകൾ ലഭ്യമാക്കുന്നത് സംബന്ധിച്ച് കെ.എം.എസ്.സി.എൽ ന് അയച്ച കത്തിന്റെ പകർപ്പ് ഹാജരാക്കുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുമെന്ന് അറിയിച്ചിട്ടുണ്ട്. അവശേഷിക്കുന്ന തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-8 പട്ടികജാതി വികസന വകുപ്പിൽ നിന്നും ആനുകൂല്യം ലഭിച്ചില്ലായെന്ന സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ6**62400/-** രൂപാ തടസ്സം

വീട് പുനരുദ്ധാരണം (എസ്.സി) നം.8/16

നിർവഹണ ഉദ്യോഗസ്ഥൻ -വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

അടങ്കൽ - 975000/-രൂപ

ചെലവ് - 625000/- രൂപ

ബിൽ നം.10/15-16തീയതി.29-01-16 2,04,000/-രൂപ

ബിൽ നം. 17/15-16 തീയതി.29-02-16 60,000/-രൂപ

ബിൽ നം. 19/15-16 തീയതി.26-03-16 3,36,000/-രൂപ

ബിൽ നം.28/15-16തീയതി.26-03-16 25,000/-രൂപ

പദ്ധതിക്കായി വികസനഫണ്ടിൽ നിന്നും 6,25,000/-രൂപ ചെലവഴിച്ച 25 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. എന്നാൽ ടി ഗുണഭോക്താക്കൾ ആരും തന്നെ 'പട്ടികജാതി വികസന വകുപ്പിൽ നിന്നും ഈയിനത്തിൽ ആനുകൂല്യം ലഭിച്ചിട്ടില്ലായെന്ന' സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റന്വേഷണം നം. 9/15-16 dt.20-01-2017 ന് പരിശോധിച്ച് ഉറപ്പ് വരുത്തിയതിന് ശേഷമാണ് ആനുകൂല്യം നൽകിയതെന്നും സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കാമെന്നും അറിയിച്ചിട്ടുണ്ട്. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കും വരെ ഈയിനത്തിൽ ചെലവഴിച്ച 6,25,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

കക്കൂസ് നിർമ്മാണം(എസ്.സി) നം. 27/16

നിർവ്വഹണം-വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

അടങ്കൽ - 1,32,600/-രൂപ(വികസനഫണ്ട്.എസ്.സി )

4,68,000/-രൂപ(സംസ്ഥാനാവിഷ്കൃത പരിപാടി)

ചെലവ് - 37,400/- രൂപ

ബിൽ നം.27/15-16/26-03-16

ടി പദ്ധതിയ്ക്കായി വികസനഫണ്ടിൽ നിന്നും 37,400/- രൂപ പിൻവലിച്ച് 11 ഗുണഭോക്താക്കൾക്ക് 3400/-രൂപ വീതം തൻവർഷം നൽകിയിട്ടുണ്ട്. എന്നാൽ ടി ഗുണഭോക്താക്കൾക്കും 'പട്ടികജാതി വികസന വകുപ്പിൽ നിന്നും ഈയിനത്തിൽ ആനുകൂല്യം ലഭിച്ചിട്ടില്ലായെന്ന' സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റന്വേഷണം നം. 9/15-16 dt.20-01-2017 ന് പരിശോധിച്ച് ഉറപ്പ് വരുത്തിയതിന് ശേഷമാണ് ആനുകൂല്യം നൽകിയതെന്നും സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കാമെന്നും അറിയിച്ചിട്ടുണ്ട്. ആയത് പരിശോധനയ്ക്ക് ലഭ്യമാകും വരെ ഈയിനത്തിൽ ചെലവഴിച്ച 37400/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## **3-9** തനതു ഫണ്ടിൽ നിന്ന് നൽകിയ ഇലക്ഷൻ കമ്മീഷൻ വിഹിതം തിരികെ ഈടാക്കിയിട്ടില്ല

2015-ലെ പൊതുതെരെഞ്ഞെടുപ്പിന്റെ ഭാഗമായി ഫോട്ടോ പതിച്ച വോട്ടർ പട്ടിക തയ്യാറാക്കുന്നതിന് വേണ്ടി ഫീൽഡ് വേരിഫിക്കേഷൻ നടത്തിയ 11 ഹൗസ് വേരിഫിക്കേഷൻ ഓഫീസർമാർക്ക്(HVO) ഓണറേറിയം ഇനത്തിൽ 1500/-രൂപ നിരക്കിൽ തനതു ഫണ്ടിൽ നിന്ന് നൽകിയ ഇലക്ഷൻ കമ്മിഷൻ വിഹിതം നാളിതുവരെയും തിരികെ ലഭ്യമാക്കിയിട്ടില്ല.

സംസ്ഥാന തെരെഞ്ഞെടുപ്പ് കമ്മീഷന്റെ 28.10.14 ലെ 552/14/SE നമ്പർ ഉത്തരവ് പ്രകാരം ഹൗസ് വേരിഫിക്കേഷൻ ഓഫീസർമാർക്ക് 2000/- രൂപ ഓണറേറിയം അനുവദിച്ചിരുന്നു.ഇതിൽ 500 /-രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനവും, 1500/-രൂപ ഇലക്ഷൻ കമ്മീഷനും നൽകും എന്നതായിരുന്നു വ്യവസ്ഥ. എന്നാൽ ഇലക്ഷൻ കമ്മീഷൻ വിഹിതം ലഭ്യമാക്കാൻ കാലതാമസം വരുമെന്നതിനാൽ ആയതു കൂടി താൽകാലികമായി പഞ്ചായത്തു ഫണ്ടിൽ നിന്നും നൽകണമെന്നും, ഫണ്ട് ലഭ്യമാകുന്ന മുറക്ക് 1500/-രൂപ നിരക്കിലുള്ള തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് റീഇംബേഴ്സ് ചെയ്തു നൽകുന്നതാണെന്ന് സംസ്ഥാന തെരെഞ്ഞെടുപ്പ് കമ്മീഷൻ 21.03.15 ലെ 2614/എഫ്/14 നമ്പർ കത്ത് പ്രകാരം അറിയിച്ചു. ആയതിന്റെയടിസ്ഥാനത്തിൽ പഞ്ചായത്തിലെ 11 HVO മാർക്ക് 2000/- രൂപ നിരക്കിൽ 22,000/-രൂപ തനതു ഫണ്ടിൽ വിതരണം ചെയ്തു( ചെക്ക് നം. 010328/06-11-15). എന്നാൽ ഇലക്ഷൻ കമ്മീഷൻ

വിഹിതം നാളിതുവരെയായി റീഫണ്ട് ചെയ്ത് ലഭിച്ചിട്ടില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റന്വേഷണം നം. 5/ 19-01-17 ന് തുക നാളിതുവരെയും ലഭ്യമായിട്ടില്ല എന്ന് അറിയിച്ചു. 11 HVOമാർക്ക് 1500/-രൂപ നിരക്കിൽ നല്കിയ 16,500/-രൂപ തിരികെ ലഭ്യമാക്കി തനത് ഫണ്ടിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## **3-10** പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിംഗ് അർഹതയില്ലാത്തയാൾക്ക് ആനുകൂല്യം

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രോജക്ടിൽ (SO139/16) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പട്ടികജാതി യുവതീ യുവാക്കൾക്ക് സൈന്യത്തിലേക്ക് തെരെഞ്ഞെടുക്കപ്പെടാൻ സഹായകമായ പരിശീലന പരിപാടിയാണ് ലക്ഷ്യമിട്ടിരുന്നത്. ഓരോ പരിശീലനാർത്ഥിക്കുമുള്ള ആകെ പരിശീലന ഫീസായ 18000/- രൂപയിൽ 1000/-രൂപ ഗുണഭോക്തൃവിഹിതവും 17000/- രൂപ പഞ്ചായത്ത് വിഹിതവുമാണ്. ഗുണഭോക്തൃവിഹിതം ഒഴികെയുള്ള പരിശീലനത്തുകയുടെ 25% തുക (4250/-രൂപ) വീതം 2014-15വർഷം PRTC കോഴിക്കോട് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട് (ഡി.ഡി. നം. 153744/28.03.2015). അപേക്ഷകൾ പരിശോധിച്ചതിൽ ആനുകൂല്യം ലഭിച്ച കുമാരി.അഖിലാ രാജൻ, D/oഡി.സോമരാജൻ, അഖിലാ ഭവൻ എന്ന പരിശീലനാർത്ഥിയുടെ അപേക്ഷ-യോടൊപ്പം ഹാജരാക്കിയ രേഖകളിൽ, അച്ഛൻ 'സർക്കാർ ജീവനക്കാരൻ' എന്ന് കാണുന്നു(റേഷൻ കാർഡ് നമ്പർ 1209001543, പത്തനാപുരം താലൂക്ക്). ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പരിശീലനാർത്ഥികൾക്കായി ലക്ഷ്യമിട്ടിരുന്ന ഈ പ്രോജക്ടിൽ അനർഹയായ കുമാരി.അഖിലാ രാജനായി ചെലവഴിച്ച തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

തൻ വർഷം പരിശീലന ഫീസിന്റെ ബാക്കി തുകയായ 12750/- രൂപ(ഡി.ഡി. നമ്പർ. 155292/13.7.2015) അഖിലാരാജനു വേണ്ടി ചെലവഴിച്ചിട്ടുണ്ട്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റന്വേഷണത്തിന്(നം. 9/2015-16/ 20-01-2017) ഗുണഭോക്താവിന് തുക തിരിച്ചടയ്ക്കണമെന്ന് അറിയിച്ചു കൊണ്ട് കത്ത് നൽകിയിട്ടുണ്ടെന്നും തുക തിരിച്ചടയ്ക്കാത്ത പക്ഷം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുമെന്നും അറിയിച്ചിരിക്കുന്നു.

തൻ വർഷം ഈയിനത്തിൽ ചെലവഴിച്ച 12750/-രൂപ ആനുകൂല്യം കൈപ്പറ്റിയ കുമാരി അഖിലാ രാജനിൽ നിന്നോ കൃത്യമായ പരിശോധന കൂടാതെ ആനുകൂല്യം അനുവദിച്ച ഉദ്യോഗസ്ഥയിൽ നിന്നോ ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

## **3-11** കർഷകതൊഴിലാളി പെൻഷൻ-അനുവദിച്ചതിൽ അപാകത

2015-16 വർഷം കർഷക തൊഴിലാളി പെൻഷൻ അനുവദിക്കുന്നതിന് വേണ്ടി 10 അപേക്ഷകൾ ലഭിച്ചതിൽ 6 പേർക്ക് പെൻഷൻ അനുവദിക്കുവാൻ

തീരുമാനമെടുത്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | അപേക്ഷകൻ | അപേക്ഷാനം, തീയതി | അനുവദിച്ചത് | അർഹത |
|---|---|---|---|---|
| 1 | ബാലചന്ദ്രൻനായർ, ഭദ്രാലയം | 2283/15<br>30-06-15 | 9/15 | 7/15 |
| 2 | കൃഷ്ണൻകുട്ടി.കെ, പ്ളാവിള വീട് | 2379/15<br>09-07-15 | 9/15 | 8/15 |
| 3 | പൊടിപ്പെണ്ണ്,മാല്ലൂർ കോളേജ് | 3073/15<br>18-09-15 | 11/15 | 10/15 |
| 4 | ബാബു.എം.പി, അശ്വതിഭവൻ | 3438/15<br>15-10-15 | 12/15 | 11/15 |
| 5 | രത്നമ്മ,സുരേഷ്ഭവനം | 836/16<br>29-02-16 | 4/16 | 3/16 |

1998ലെ കേരളാ കർഷക തൊഴിലാളി പെൻഷൻ ചട്ടങ്ങൾ, ചട്ടം (16)പ്രകാരം 'അപേക്ഷ സമർപ്പിച്ച മാസത്തിന് തൊട്ടടുത്ത മാസം ഒന്നാം തീയതി മുതൽ പെൻഷന് അർഹതയുണ്ട്.' ആയതിനാൽ മേൽ പെൻഷൻകാർക്ക് അവർക്കർഹതയുള്ള പെൻഷൻ കൂടി നൽകി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-12 ചട്ട വിരുദ്ധ ധനസഹായം അംഗീകരിക്കുന്നില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങളിലെ ചട്ടം 3(3) പ്രകാരം വ്യക്തികൾക്കും, സംഘടനകൾക്കും പണമായി ധനസഹായം നല്കാൻ പാടില്ല എന്നിരിക്കെ ആയത് പാലിക്കാതെ എസ്.എസ്.എൽ.സി പരീക്ഷയിൽ (2015) ഉന്നതവിജയം നേടിയ 7 കുട്ടികൾക്ക് 1000/- രൂപ വീതം 7000/- രൂപ ക്യാഷ് അവാർഡ് നല്കി ( ചെക്ക് നം.8793888 തീയതി 31-10-15). ടി ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയതിനാൽ ക്യാഷ് അവാർഡായി നല്കിയ 7000/- രൂപ നഷ്ടോത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്

## 3-13 മീഡിയാശ്രീ -പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടില്ല. ,65000/- രൂപാ തടസ്സപ്പെടുത്തുന്നു

കുടുംബശ്രീ സ്റ്റേറ്റ് മിഷന്റെ മീഡിയാശ്രീ പദ്ധതിയുടെ ഭാഗമായി കേരളത്തിലെ നിലവിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചരിത്രവും വർത്തമാനവും

പദ്ധതികളും നിലവിലെ ഭരണസമിതിയുടെ നേട്ടങ്ങളും ഡോക്യുമെന്ററി ചിത്രങ്ങളായി പുറത്തിറക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ആവശ്യത്തിലേയ്ക്കായി ബിൽനമ്പർ 10/ 15-16 തീയതി. 22-08-2015 പ്രകാരം 65000/- രൂപാ പിൻവലിച്ച് കുടുംബശ്രീ എക്സി. ഡയറക്ടർ തിരുവനന്തപുരത്തിന് നല്കി.

ടി സ്ഥാപനവുമായുള്ള കരാർ, സ്ഥാപനത്തെക്കുറിച്ചുള്ള ഡോക്യുമെന്ററി ചിത്രത്തിന്റെ പകർപ്പ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ.4 /a തീയതി.19-01-2017) സർക്കാർ ഉത്തരവ് പ്രകാരമാണ് തുക നല്കിയിട്ടുള്ളതെന്നും, ഡോക്യുമെന്ററി ചിത്രത്തിന്റെ പകർപ്പ് കുടുംബശ്രീ മിഷനിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് വിവരം അറിയിക്കുന്നതാണെന്നും മറുപടി നല്കി. ആയതിനാൽ ചെലവഴിച്ചിട്ടുള്ള 65000/- രൂപാ തടസ്സപ്പെടുത്തുന്നു. തുടർ നടപടികൾ സ്വീകരിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-14 <u>തനത് ഫണ്ട്/ പൊതു ആവശ്യ ഗ്രാന്റിന്റെ കുറവുമൂലം ഗ്രാമ പഞ്ചായത്ത് സാമ്പത്തിക പ്രതിസന്ധിയിൽ</u>

തനത് ഫണ്ട്/ പൊതു ആവശ്യ ഗ്രാന്റിന്റെ കുറവുമൂലം ഗ്രാമ പഞ്ചായത്ത് സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. ഇതുമൂലം അനിവാര്യ ചുമതലകൾ പോലും ശരിയായി നിർവ്വഹിക്കാൻ കഴിയാതെ വരുന്നു. വെള്ളക്കര കുടിശ്ശിക ഇനത്തിൽ 12,28,059 രൂപ കേരളാ വാട്ടർ അതോറിറ്റിക്ക് നല്കുവാനുണ്ട്. ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും കുറവുവരുത്തുന്ന ഇൻഷ്വറൻസ് ഉൾപ്പെടെയുള്ള തുകകൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിലേയ്ക്ക് യഥാസമയം ഒടുക്കുവരുത്തുന്നില്ല. പെൻഷൻ കോൺട്രിബ്യൂഷൻ, എൻ.പി.എസ് എന്നിവ ഒടുക്കുവരുത്തുന്നില്ല. ലൈബ്രറി സെസ്സ് ഒടുക്കുവരുത്തിയിട്ടില്ല. ഗുണഭോക്തൃ വിഹിതം ഇനത്തിൽ സ്ഥാപനത്തിലടയ്ക്കുന്ന തുകകൾപോലും പിൻവലിക്കാൻ കഴിയുന്നില്ല. നിലവിലെ ബാദ്ധ്യതകളുടെ വിശദവിവരം താഴെക്കൊടുക്കുന്നു.

| ക്രമ നമ്പർ | ബാദ്ധ്യത | തുക (രൂപ) |
|---|---|---|
| 1 | ലൈബ്രറി സെസ് | 195873 |
| 2 | കുടിവെള്ളക്കരം | 1228059 |
| 3 | പെൻഷൻ കോൺട്രിബ്യൂഷൻ | 785941 |
| 4 | എൻ പി എസ് | 115493 |

| | | |
|---|---|---|
| 5 | കെ പി ഇ പി എഫ് | 170826 |
| 6 | എസ് എൽ ഐ | 2450 |
| 7 | എൽ ഐ സി | 3350 |
| 8 | എച്ച് ബി എ | 5370 |
| 9 | ശമ്പള നിർണ്ണയ കുടിശ്ശിക | 615200 |
| | ആകെ | 3126562 |

നിലവിലെ സാഹചര്യത്തിൽ തനത് വരുമാനം പൂർണ്ണമായി പിരിച്ചെടുത്താലും സാമ്പത്തിക പ്രതിസന്ധി മറികടക്കുവാൻ കഴിയുകയില്ല. പുതിയ തനത് വരുമാന സ്രോതസ്സുകൾ കണ്ടെത്തുക സാദ്ധ്യമല്ല. ഭരണപരമായ ചെലവുകൾ ഇനത്തിൽ തനത് ഫണ്ട് / പൊതു ആവശ്യ ഗ്രാന്റ് ഇനത്തിലുള്ള വ്യത്യാസം വിടവു നികത്തൽ ഫണ്ടിൽ നിന്ന് നേടിയെടുക്കുവാൻ ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-15 ഗുണഭോക്തൃ സമിതികൾ വഴി നിർവ്വഹണം നടത്തിയിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചു വരുന്നില്ല, ബിനാമി ഇടപാടുകൾ സംബന്ധിച്ച് തുടരന്വേഷണം ആവശ്യം

2015-16 സാമ്പത്തികവർഷത്തിൽ ഗുണഭോക്തൃ സമിതികൾ മുഖേന നിർവ്വഹണം നടത്തിയിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ സംസ്ഥാന ആസൂത്രണ ബോർഡ് 1999 ഡിസംബറിൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃ സമിതി മാർഗരേഖയിലേയും, തുടർന്നുണ്ടായിട്ടുള്ള സർക്കാർ ഉത്തരവുകളിലേയും നിർദ്ദേശങ്ങൾ പാലിച്ചു വരുന്നില്ല. ഗുണഭോക്തൃ സമിതികൾ മുഖേന നിർവ്വഹണം നടത്തിയിട്ടുള്ള പ്രവൃത്തികളിൽ കാണപ്പെട്ടിട്ടുള്ള പ്രധാന അപാകതകൾ താഴെക്കൊടുക്കുന്നു

1) ഗുണഭോക്തൃ സമിതികളുടെ ചെലവുകണക്കുകൾ ഹാജരാക്കാതെ അന്തിമ ബിൽ പ്രകാരം തുക നല്കിയിരിക്കുന്നു.

2) ഗുണഭോക്തൃ സമിതി ചെയർമാൻ, കൺവീനർ എന്നിവരുടെ പേരിൽ ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടില്ല.

3) വരവ് - ചെലവു കണക്കുകൾ കൃത്യമായി രേഖപ്പെടുത്തി വൗച്ചറുകൾ നമ്പരിട്ട് സൂക്ഷിച്ചിട്ടില്ല.

4)ഗുണഭോക്തൃ സമിതികൾ ആഴ്ചയിലൊരിക്കൽ യോഗം ചേർന്ന് പ്രവൃത്തി വിലയിരുത്തി- യിട്ടില്ല

5)പ്രവൃത്തി പൂർത്തിയാക്കി വരവ്-ചെലവു കണക്കുകൾ അച്ചടിപ്പിച്ച് അംഗങ്ങൾക്ക് നല്കിയിട്ടില്ല.

6)പ്രവൃത്തി പൂർത്തിയാക്കിയാൽ സമിതിയുടെ മുഴുവൻ രേഖകളും ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന് കൈമാറേണ്ടതാണ്. എന്നാൽ ഇപ്രകാരം ചെയ്തിട്ടില്ല.

പ്രവൃത്തിയുടെ നിർവ്വഹണത്തിലെ കാര്യക്ഷമതയും, സുതാര്യതയും ഉറപ്പു വരുത്തുന്നതിനാണ് ഇപ്രകാരം നിർദ്ദേശങ്ങൾ നല്കിയിട്ടുള്ളത്. ഗുണഭോക്തൃ സമിതികളുടെ ചെലവുകൾ സംബന്ധിച്ച രേഖകൾ പോലും ഹാജരാക്കാതെ ബിൽ പാസ്സാക്കുന്നതിൽ നിന്നും ഗുണഭോക്തൃ സമിതികൾ വഴി നിർവ്വഹണം നടത്തുന്നതിന് ഒരുക്കിയിട്ടുള്ള അനുകൂല സാഹചര്യങ്ങൾ ദുരുപയോഗപ്പെടുത്തി ബിനാമി കരാർ നടന്നു വരുന്നതായി വിലയിരുത്തുന്നു. ഗുണഭോക്തൃ സമിതികൾ നടത്തിയിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ ബിനാമി കരാർ നടന്നിട്ടുണ്ടോ എന്നതു സംബന്ധിച്ച് തുടരന്വേഷണം നടത്തേണ്ടതാണ്.

## 3-16 തൊഴിലാളികൾക്കുള്ള ഔട്ട്ടേൺ 55% മാത്രമാണ് എന്ന് നിശ്ചയിച്ച് ഡാറ്റ തയ്യാറാക്കിയതുമൂലം മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി മഴക്കുഴി നിർമ്മിക്കുന്നതിലേയ്ക്ക് അർഹമായതിലും അധികം തുക നൽകി.

തൊഴിലാളികൾക്കുള്ള ഔട്ട്ടേൺ 55% മാത്രമാണ് എന്ന് നിശ്ചയിച്ച് ഡാറ്റ തയ്യാറാക്കിയതുമൂലം മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി മഴക്കുഴി നിർമ്മിക്കുന്നതിലേയ്ക്ക് അർഹമായതിലും അധികം തുക നൽകി.

കട്ടിയുള്ള മണ്ണ് കിളച്ചുമാറ്റുന്ന പ്രവൃത്തിയ്ക്ക് ആവശ്യമായ തൊഴിൽ ദിനം SDB ഇനം നം.57 പ്രകാരം 10 ക്യൂബിക് മീറ്ററിന് 5.475 മനുഷ്യദിനം ആണ്

സാധാരണ മണ്ണ് കിളച്ചുമാറ്റുന്ന പ്രവൃത്തിയ്ക്ക് ആവശ്യമായ തൊഴിൽ ദിനം SDB ഇനം നം.57 പ്രകാരം 10 ക്യൂബിക് മീറ്ററിന് 2.963 മനുഷ്യദിനം ആണ്

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 1.125 ക്യൂബിക് മീറ്റർ അളവിൽ (1.5x1.00x.75) മഴക്കുഴി നിർമ്മിയ്ക്കുന്നതിന് നൽകാവുന്ന നിരക്ക് ചുവടെ ചേർക്കുന്നു.

കട്ടിയുള്ള മണ്ണ് കിളച്ചുമാറ്റുന്ന പ്രവൃത്തി

10 ക്യൂബിക് മീറ്ററിന് ആവശ്യമായ

മനുഷ്യദിനം :5.475

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഒരു മനുഷ്യദിനത്തിന് നൽകാവുന്ന കൂലി :229/-രൂപ

10ക്യൂബിക് മീറ്ററിന് നൽകാവുന്ന കൂലി :5.475x229 =1253.77

1.125ക്യൂബിക് മീറ്റർ അളവിൽ മഴക്കുഴി നിർമിക്കുന്നതിന് നൽകാവുന്ന മനുഷ്യദിനം :5.475x1.125/10 = 0.615

1.125ക്യൂബിക് മീറ്റർ അളവിൽ മഴക്കുഴി നിർമിക്കുന്നതിന് നൽകാവുന്ന നിരക്ക് :0.615x229 = 140.83

<u>സാധാരണ മണ്ണ് കിളച്ചുമാറ്റുന്ന പ്രവൃത്തി</u>

10 ക്യൂബിക് മീറ്ററിന് ആവശ്യമായ

മനുഷ്യദിനം :2.962

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഒരു മനുഷ്യദിനത്തിന് നൽകാവുന്ന കൂലി :229/-രൂപ

10ക്യൂബിക് മീറ്ററിന് നൽകാവുന്ന കൂലി :2.9625x229 =678.41

1.125ക്യൂബിക് മീറ്റർ അളവിൽ മഴക്കുഴി നിർമ്മിക്കുന്നതിന് നൽകാവുന്ന മനുഷ്യദിനം :2.962x1.125/10 = 0.333

1.125ക്യൂബിക് മീറ്റർ അളവിൽ മഴക്കുഴി നിർമിക്കുന്നതിന് നൽകാവുന്ന നിരക്ക് :0.333x229 = 76.26

50%സാധാരണ മണ്ണ് 50% കട്ടിയുള്ള മണ്ണും കണക്കാക്കി നിരക്ക് നിർണ്ണയിക്കുമ്പോൾ നല്കാവുന്ന തുക-(140.83+76.26)/2=108.55

<u>തൊഴിലാളികൾക്കുള്ള ഔട്ട്ടേൺ 55% മാത്രമാണ്എന്ന് നിശ്ചയിച്ച് ഡാറ്റ തയ്യാറാക്കി നൽകിയ നിരക്ക്</u>

കട്ടിയുള്ള മണ്ണ്10 ക്യൂബിക് മീറ്ററിന് നൽകാവുന്ന കൂലി :5.475x229 =1253.77

ഔട്ട്ടേൺ 55% മാത്രമാണ് എന്ന് കണക്കാക്കുമ്പോൾ നൽകാവുന്ന കൂലി = 1253.77/5.5 ക്യൂബിക് മീറ്റർ

ആയതിനാൽ 1.125 ക്യൂബിക് മീറ്റർ അളവിൽ മഴക്കുഴിനിർമിക്കുന്നതിന്

നൽകിയ നിരക്ക് : 1253.77/5.5x1.125 = 256.45

സാധാരണ മണ്ണ് 10 ക്യൂബിക് മീറ്ററിന് നൽകാവുന്ന കൂലി :2.9625x229 =678.41

ഔട്ട്ടേൺ 55% മാത്രമാണ് എന്ന് കണക്കാക്കുമ്പോൾ നൽകാവുന്ന കൂലി = 678.41/5.5 ക്യൂബിക് മീറ്റർ

ആയതിനാൽ 1.125 ക്യൂബിക് മീറ്റർ അളവിൽ മഴക്കുഴി നിർമിക്കുന്നതിന്

നൽകിയ നിരക്ക് : 678.41/5.5x1.125 = 138.76

50%സാധാരണ മണ്ണ് 50% കട്ടിയുള്ള മണ്ണും കണക്കാക്കി നിരക്ക് നിർണ്ണയിച്ച് നല്കിയ തുക-(256.45+138.76)/2=197.60

അധികമായി കണക്കാക്കിയ നിരക്ക് :197.6(-)108.55 = 89.05/-രൂപ

1.125 ക്യൂബിക് മീറ്റർ അളവിൽ മഴക്കുഴി നിർമിക്കുന്നതിന് നൽകാവുന്ന തുക 108.55 ആയിരിക്കെ മനുഷ്യദിനം അധികം കണക്കാക്കി 197.6 രൂപയായി നിർണ്ണയിച്ച് വിവിധ പ്രവൃത്തികൾക്കുള്ള വേതനം നൽകിയിരിക്കുന്നു. മഴക്കുഴി നിർമാണം എന്ന പേരിൽ വിവിധ വാർഡുകളിൽ വിവിധ നമ്പരുകൾ പ്രകാരം നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.(നൽകിയ നിരക്ക് = 197.6, നൽകാവുന്ന നിരക്ക് = 108.55)

| ക്രനം | പ്രവൃത്തിയുടെ വിവരം | നിർമ്മിച്ച മഴക്കുഴികൾ | നല്കിയ തുക | നല്കാവുന്ന തുക | അധികം നല്കിയ തുക |
|---|---|---|---|---|---|
| 1 | കരിമ്പാലൂർ വാർഡ് അളവു പുസ്തകം-1/15-16<br>ബിൽ തുക-120606 | 610 | 120536<br>(610x197.6) | 66216<br>(610x108.55) | 54320 |
| 2 | മാർക്കറ്റ് വാർഡ് അളവു പുസ്തകം-8/15-16<br>ബിൽ തുക-60293 | 303 | 59873<br>(303x197.6) | 32891<br>(303x108.55) | 26982 |
| 3 | ഗോവിന്ദമഠം വാർഡ് അളവു പുസ്തകം-3/15-16<br>ബിൽ തുക-90473 | 450 | 88920<br>(450x197.6) | 48848<br>(450x108.55) | 40072 |
| 4 | മീനം വടക്കേക്കര വാർഡ് അളവു പുസ്തകം-4/15-16<br>ബിൽ തുക-115210 | 580 | 114608<br>(580x197.6) | 62959<br>(580x108.55) | 51649 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 5 | ചെളിക്കുഴി വാർഡ് അളവു പുസ്തകം-3/15-16 ബിൽ തുക-60293 | 604 | 119350 (604x197.6) | 65564 (604x108.55) | 53786 |
| 6 | കടുവാത്തോട് വാർഡ് അളവു പുസ്തകം-10/15-16 ബിൽ തുക-86012 | 432 | 85363 (432x197.6) | 46894 (432x108.55) | 38469 |
| 7 | ഏറത്തുവടക്ക് വാർഡ് അളവു പുസ്തകം-7/15-16 ബിൽ തുക-76208 | 382 | 75483 (382x197.6) | 41466 (382x108.55) | 34017 |
| 8 | മണയറ വാർഡ് അളവു പുസ്തകം-11/15-16 ബിൽ തുക-125719 | 631 | 124686 (631x197.6) | 68495 (631x108.55) | 56191 |
| 9 | തെങ്ങമൺ മഠം വാർഡ് അളവു പുസ്തകം-2/15-16 ബിൽ തുക-88986 | 450 | 88920 (450x197.6) | 48848 (450x108.55) | 40072 |
| 10 | വട്ടക്കാല വാർഡ് അളവു പുസ്തകം-6/15-16 ബിൽ തുക-97682 | 494 | 97614 (494x197.6) | 53624 (494x108.55) | 43990 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 11 | മാലൂർ വാർഡ് അളവു പുസ്തകം-7/15-16<br>ബിൽ തുക-120884 | 605 | 119548<br>(605x197.6) | 65673<br>(605x108.55) | 53875 |
| 12 | താഴത്തുവടക്ക് വാർഡ് അളവു പുസ്തകം-12/15-16<br>ബിൽ തുക-97872 | 495 | 97812<br>(495x197.6) | 53732<br>(495x108.55) | 44080 |
| 13 | മെതുകമ്മേൽ വാർഡ് അളവു പുസ്തകം-13/15-16<br>ബിൽ തുക-59220 | 298 | 58884<br>(298x197.6) | 32348<br>(298x108.55) | 26536 |
| | | | | ആകെ | 564039 |

മേൽ വിഷയം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (119/25-01-17) തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 29-05-2014 ലെ 1340//EGS A/14/REGS നമ്പരായ സർക്കുലർ ഹാജരാക്കുകയും ആയതിലെ നിർദ്ദേശ പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് അറിയിക്കുകയും ചെയ്തു.ടി സർക്കുലറിൽ ഖണ്ഡിക(12) ആയി സർക്കുലറിനോടൊപ്പം അനുബന്ധം (iii), (iv) ആയി ഉൾപ്പെടുത്തിയിരിക്കുന്ന മാതൃകയിൽ എസ്റ്റിമേറ്റ് തയ്യാറാക്കാമെന്നും ,ഖണ്ഡിക((13) ൽ എസ്റ്റിമേറ്റ് നിലവിലെ നടപടിക്രമം പാലിച്ച് തയ്യാറാക്കണമെന്നും നിർദ്ദേശിച്ചിരിക്കുന്നു. തൊഴിലാളികൾക്കുള്ള ഔട്ട്ടേൺ 55% മാത്രമാണ്എന്ന് നിശ്ചയിച്ചത് എപ്രകാരമാണെന്ന് സർക്കുലറിൽ വ്യക്തമാക്കുന്നില്ല.ആയതിനാൽ മഴക്കുഴി നിർമാണത്തിനായി അധികമായി നൽകിയ 564039/-രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു. നിരക്ക് കണക്കാക്കിയതിനെ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-17 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - സാധന ഘടകങ്ങൾ ഉൾപ്പെടുന്ന പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നില്ല

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ ഉറപ്പാക്കുന്നതോടൊപ്പം സ്ഥായിയായതും ഉല്പാദന ക്ഷമവുമായ സാമൂഹ്യ ആസ്തികളുടെ നിർമ്മാണം ഉറപ്പാക്കുക എന്നതും ലക്ഷ്യമാക്കി തൊഴിലുറപ്പ് പദ്ധതി പ്രവൃത്തികൾക്കുള്ള സാധന സാമഗ്രികളുടെ വാങ്ങലും സംഭരണവും വിനിയോഗവും സംബന്ധിച്ച് 31.03.12ലെ സ.ഉ(കൈ)നം.93/12/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും സിമന്റ് കോൺക്രീറ്റ് റോഡുകൾ ഉൾപ്പെടെയുള്ള ഗ്രാമീണ റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കാമെന്ന് 02.02.12ലെ സ.ഉ.(സാധാ)നം.334/12/ത.സ്വ.ഭ.വ ഉത്തരവിലും സ.ഉ.(കൈ)നം.93/12/ത.സ്വ.ഭ.വ ഉത്തരവിൽ നിർദ്ദേശിക്കും പ്രകാരം സാധന സാമഗ്രികൾ വാങ്ങി നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കണമെന്ന് 30.03.15ലെ ടി.ടി 2/116/2015 /എൽ.എസ്.ജി.ഡി.നമ്പർ സർക്കുലറിലും ഓരോ ഗ്രാമപഞ്ചായത്തിലും വേതനം സാധനഘടകങ്ങൾ എന്നിവ 60:40 എന്ന അനുപാതത്തിൽ നിലനിൽക്കത്തക്ക രീതിയിൽ സാധന ഘടകങ്ങൾ ആവശ്യമുള്ള മറ്റു പ്രവൃത്തികളുടെ കൂടെ പരമാവധി റോഡു പ്രവൃത്തികളും ഏറ്റെടുക്കണമെന്ന് 24.06.15ലെ സ.ഉ.(കൈ)നം.202/15 /ത.സ്വ.ഭ.വ ഉത്തരവിലും വ്യക്തമാക്കുകയും 2015-16ൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള വിവിധ പ്രവൃത്തികൾക്ക് ജില്ലാതല പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകരിച്ച് നൽകിയ സാധന സാമഗ്രികൾക്കുള്ള വിലകളും വിദഗ്ധ/അർദ്ധ വിദഗ്ധ തൊഴിലാളികൾക്കുള്ള കൂലിയും 20.07.15 ലെ എ1.539/15 നമ്പർ കത്ത് പ്രകാരം ജോയിൻറ് ഡെപ്യൂട്ടി കമ്മീഷണർ അറിയിക്കുകയും ചെയ്തുവെങ്കിലും സാധന ഘടകങ്ങൾ ഉപയോഗിച്ചുള്ള യാതൊരു പ്രവൃത്തികളും ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടില്ല. കിണർ റീചാർജിംഗ് ഉൾപ്പെടെയുള്ള പ്രവൃത്തികളിലും വേതന ഘടകം മാത്രമുള്ള പ്രവൃത്തികളാണ് നിർവഹിച്ചിട്ടുള്ളത്.

മാർഗ നിർദ്ദേശങ്ങൾക്കനുസൃതമായി സാധന ഘടകങ്ങൾ ഉൾപ്പെടുന്ന പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-18 KCWWF ഇനത്തിൽ ഈടാക്കുന്ന തുകകൾ യഥാസമയം സ്ഥാപനത്തിനയച്ചു കൊടുക്കുന്നില്ല

1996 ലെ ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ് ആക്ട് പ്രകാരം മരാമത്ത് പ്രവൃത്തികളിൽ നിന്നും 1% തുക ഈടാക്കിവരുന്നു. എന്നാൽ ഇപ്രകാരം ഈടാക്കുന്ന തുകകൾ KCWWF സെക്രട്ടറിയുടെ പേരിൽ ഡി. ഡി

ആക്കുന്നുണ്ടെങ്കിലും യഥാസമയം സ്ഥാപനത്തിലേയ്ക്ക് അയച്ചുകൊടുക്കുന്നില്ല. പലപ്പോഴും യഥാസമയം അയച്ചു കൊടുക്കാത്തതിനാൽ ഡി ഡി പുതുക്കി അയച്ചു കൊടുക്കേണ്ടതായി വരുന്നു.

1)31-12-2014 മുതൽ 31-03-2015 വരെയുള്ള കാലയളവിലെ 107358/- രൂപ മൂല്യമുള്ള 48 ഡി ഡി കൾ കാലാവധി കഴിഞ്ഞതിനാൽ 27-10-2015ന് പുതുക്കിയെങ്കിലും (D D revaiidated on 27-10-2015 )ആയത് അയച്ചു കൊടുത്തത് 30-11-2015ലെ 01/AE/WF /PTY/15-16 കത്തിനോടൊപ്പം മാത്രമാണ്..

2)29-09-2015 മുതൽ 31-10-2015 വരെയുള്ള കാലയളവിലെ 22585/-രൂപ മൂല്യമുള്ള 16 ഡിഡി-കൾ അയച്ചു കൊടുത്തത് 13-11-2015ലെ കത്തിനോടൊപ്പം മാത്രമാണ്.

ഡി ഡി ആക്കുന്ന തുകകൾ യഥാസമയം സ്ഥാപനത്തിനയച്ചു കൊടുക്കാതെ കൈവശം സൂക്ഷിക്കുന്നത് സാമ്പത്തിക ക്രമക്കേടാണ്. ഡി ഡി ആക്കുന്ന തുകകൾ യഥാസമയം സ്ഥാപനത്തിനയച്ചു കൊടുക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 2015-16 | 14270 | സമഗ്ര നെൽകൃഷി വികസനം | - | 14270 |
| ജില്ലാപഞ്ചായത്ത് | 2015-16 | 23784 | | - | 23784 |
| ജില്ലാപഞ്ചായത്ത് | 2015-16 | 20000 | ശാരീരിക മാനസികവെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 20000 | - |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ലൈൻ എക്സ്റ്റൻഷൻ | 41500288 31-03-2016 | 362131 | 362131 | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവനപദ്ധതി | 522/2010/ തസ്വഭവ തീയതി. 17-02-2010 | 7178100 | 3078500 | 2408017 | 305062 | 670483 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 37740131 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 35612267 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 150981 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1291439 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 36352 | 18176/-രൂപ<br>ശ്രീ. അരുൺ ചന്ദ്, അസി എഞ്ചിനീയർ<br>18176-രൂപ<br>ശ്രീ.ബിന വിശ്വംഅസി. എക്സി. എഞ്ചിനീയർ, പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത് |
| 3-3 | | 15159 | ശ്രീ.എ ജി സന്തോഷ്, കൃഷി ഓഫീസർ |
| 3-4 | | 2065 | ശ്രീ.ജെറിൻ ടി ജോർജ്ജ്, വെറ്ററിനറി സർജൻ |
| 3-5 | | 71899 | ഡോ. പി അനീഷ്, |

| | | | |
|---|---|---|---|
| | | | മെഡിക്കൽ ഓഫീസർ, പ്രാഥമികാരോഗ്യ കേന്ദ്രം |
| 3-6 | | 5765 | ഡോ. പി അനീഷ്, മെഡിക്കൽ ഓഫീസർ, പ്രാഥമികാരോഗ്യ കേന്ദ്രം |
| 3-10 | | 12750 | ശ്രീമതി.വി. എസ്. ദീപശ്രീ, വി ഇ ഒ |
| 3-12 | | 7000 | ശ്രീമതി.പി വത്സല, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-8 | 625000 | ശ്രീമതി.വി. എസ്. ദീപശ്രീ, വി ഇ ഒ |
| 3-13 | 65000 | ശ്രീമതി.പി വത്സല, സെക്രട്ടറി |
| 3-16 | 564039 | ശ്രീമതി.പി വത്സല, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. അരുൺ ചന്ദ്, അസി എഞ്ചിനീയർ | അസി എഞ്ചിനീയർ, സീതത്തോട് ഗ്രാമ പഞ്ചായത്ത് | അരുൺ നിവാസ്, ഏറം, ചാത്തന്നൂർ, കൊല്ലം,- 691576 |
| ശ്രീ..ബിന്ദ വിശ്വം അസി. എക്സി. എഞ്ചിനീയർ, പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത് | ലഭ്യമാക്കിയില്ല | വിശ്വവിഹാർ, ഞാറയ്ക്കൽ, പെരിനാട് പി ഒ |
| ശ്രീ.എ ജി സന്തോഷ്, കൃഷി ഓഫീസർ | കൃഷി ഓഫീസർ,പട്ടാഴി വടക്കേക്കര | കലാലയം നെടുമ്പന പി ഒ, കൊല്ലം |
| ശ്രീ.ജെറിൻ ടിജോർജ്ജ്, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ,പട്ടാഴി വടക്കേക്കര | തുണ്ടുവിളവീട്,മൈലം പി ഒ, കൊട്ടാരക്കര |
| ഡോ. പി അനീഷ്, മെഡിക്കൽ ഓഫീസർ, പ്രാഥമികാരോഗ്യ കേന്ദ്രം | മെഡിക്കൽ ഓഫീസർ, പ്രാഥമികാരോഗ്യ കേന്ദ്രം,നെടുമ്പന | പൂവോട്ട്, ചരുവിള, മൈലോട് പി ഒ, പൂയപ്പള്ളി, കൊല്ലം |
| ശ്രീമതി. വി. എസ്.ദീപശ്രീ, | വി ഇ ഒ, പട്ടാഴി വടക്കേക്കര | ശ്രീനിലയം, കുളക്കട പി ഒ, പൂവറ്റൂർ കിഴക്ക്, കൊല്ലം |

| | | |
|---|---|---|
| വി ഇ ഒ | | |
| ശ്രീമതി.പി വത്സല, സെക്രട്ടറി | സെക്രട്ടറി, ഓമല്ലൂർ ഗ്രാമ പഞ്ചായത്ത് | ശ്രീവത്സം, ശാലേംപുരം, പത്തനാപുരം പി ഒ, പത്തനംതിട്ട |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1992-93 | LFQ.P6/431/95 /14-06-1996 |
| 1993-94 | LFQ.P6/431/95 /14-06-1996 |
| 1998-99 | LFQ.P5/1233(6)/2014/16-06-2014 |
| 1999-2000 | LFQ.P5/1233(7)/2014/16-06-2014 |
| 2000-2001 | LFQ.P5/1233(8)/2014/16-06-2014 |
| 2001-2002 | LFQ.P5/1233(9)/2014/16-06-2014 |
| 2002-2003 | LFQ.P5/1233(10)/2014/16-06-2014 |
| 2003-2004 | LFQ.P5/1233(11)/2014/16-06-2014 |
| 2004-2005 | LFQ.P5/1233(12)/2014/16-06-2014 |
| 2005-2006 | LFQ.P5/1233/2014/16-06-2014 |
| 2006-2007 | LFQ.P5/1233/2014/16-06-2014 |
| 2007-2008 | LFQ.P5/1233/2014/16-06-2014 |

| | |
|---|---|
| 2008-2009 | LFQ.P5/1849/2014/7-10-2014 |
| 2009-2010 | LFQ.P5/1233/2014/16-06-2014 |
| 2010-2011<br>&2011-2012 | LFQ.P5/701/2013/17-08-2013 |
| 2012-2013<br>&2013-2014 | KSA.KLM.P5/1483/2015/ 17-09-15 |
| 2014-2015 | KSA.KLM.P5-1180/2016 dt.04-08-2016 |

ഡെപ്യൂട്ടി ഡയറക്ടർ

# 4-10

ഓഡിറ്റ് സാക്ഷ്യ പത്രം

കെ.എസ്.എ. കെ.എൽ.എം - പി.5 215 / 17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി –10/2/2017

1994-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ കുളത്തുപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കുളത്തുപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,കൊല്ലം